മുകുന്ദരാജയുടെ കൊട്ടാരം ഏറ്റെടുക്കൽ നടപടി

113 [1458] ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാമണ്ഡലത്തിന്റെ സ്ഥാപകരിലൊരാളായ മണക്കുളം മുകന്ദരാജയുടെ കൊട്ടാരം ഏറ്റെടുക്കാൻ സാംസ്കാരിക വകുപ്പിന് പരിപാടിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഏറ്റെടുക്കാൻ ഉദ്ദേശിക്കുണ്ടെങ്കിൽ സാംസ്കാരിക വകുപ്പ് ഈ കെട്ടിടം എന്താവശ്യത്തിനാണ് ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും വില ജില്ലാ കളക്ടർ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ അതിനേക്കാൾ ഇരട്ടിയോളം തുക വില നൽകിയാൽ ഭൂമി കൈമാറാമെന്ന് ഉടമ സമ്മതപത്രം നൽകിയിട്ടുണ്ട്.

(സി) സ്ഥലം വാങ്ങാൻ കഴിഞ്ഞാൽ അത് കലാമണ്ഡലത്തിന്റെ ആവശ്യത്തിന് ഉപയോഗിക്കാനാണ് ഉദ്ദേശ്യം.

സാംസ്കാരിക ഡയറക്ടറേറ്റ് രൂപീകരിക്കാൻ നടപടി

114 [1459] ശ്രീ. തമ്പാനൂർ രവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടി ഒരു സാംസ്കാരിക ഡയറക്ടറേറ്റ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) ഉണ്ട്. അന്തിമ തീരുമാനമായിട്ടില്ല.

സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ പുസ്തക പ്രസിദ്ധീകരണം സംബന്ധിച്ച്

115 [1460] ശ്രീ. തോമസ് ഉണ്ണിയാടൻ:
,, ജോസഫ് എം. പുതുശ്ശേരി:
,, സ്റ്റീഫൻ ജോർജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളായ പ്രസിദ്ധീകരണ വകുപ്പ്, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, തുടങ്ങിയ സ്ഥാപനങ്ങൾ കഴിഞ്ഞ 5 വർഷങ്ങൾക്കുള്ളിൽ എത്ര പുസ്തകങ്ങളാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പുസ്തകങ്ങളിൽ 500 പേജിൽ കൂടുതൽ വലുപ്പം വരുന്ന പുസ്തകങ്ങളുടെ പേരുവിവരവും അവയുടെ വിലയും പ്രസിദ്ധീകരിച്ച വർഷവും വിൽപ്പന വിവരവും വെളിപ്പെടുത്താമോ;

(സി) സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ് പ്രസിദ്ധീകരിക്കുന്ന 500 പേജിലും അതിനുമുകളിലും വരുന്ന പുസ്തകങ്ങൾ വിൽപ്പന സാദ്ധ്യതയില്ലാതെ ഗോഡൗണിൽ കെട്ടിക്കിടക്കുന്നതിനെക്കുറിച്ച് അന്വേഷിക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങൾ വലിയ പുസ്തകങ്ങൾ അച്ചടിക്കുന്നതിനുമുമ്പ് പുറത്തുനിന്നുള്ള വിദഗ്ദ്ധ സമിതിയെക്കൊണ്ട് പരിശോധിപ്പിക്കുവാനും വിൽപ്പന സാദ്ധ്യത ഉറപ്പുവരുത്താനും അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ് .. 47
ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് .. 318
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് .. 70

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†
സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പിന്റെ വിൽപ്പന വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) പുസ്തകങ്ങൾ ഗോഡൗണിൽ കെട്ടിക്കിടക്കുന്ന സ്ഥിതി വിശേഷം നിലവിലില്ല.

(ഡി) വിദഗ്ദ്ധ സമിതി/ഉപദേശക സമിതി പരിശോധിച്ച ശേഷമാണ് പ്രസിദ്ധീകരിക്കുന്നത്.

ആസാദ് ലൈബ്രറി കെട്ടിടം പുതുക്കിപ്പണിയാൻ നടപടി

116 [1461] ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തലശ്ശേരിയിലെ നൂറിൽപ്പരം വർഷം പഴക്കമുള്ള ആസാദ് ലൈബ്രറിയുടെ കെട്ടിടം പുതുക്കി പണിയുന്നത് തടസ്സപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ലൈബ്രറി കെട്ടിടത്തിന്റെ പരിസരത്ത് പുതുതായി കെട്ടിടം പണിതത് ശദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആർക്കിയോളജി വകുപ്പ് തടസ്സപ്പെടുത്തിയതിനെതിരെ തലശ്ശേരിയിൽ ബഹുജന സമരം നടന്നത് ശദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII

[19-7-2005-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 115 (1460) കാണുക]

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

	പുസ്തകങ്ങൾ	പ്രസിദ്ധീകരിച്ച വർഷം	വില (രൂപ)	വിറ്റത്
1	ഫോക്‌ലോർ നിഘണ്ടു (രണ്ടാം പതിപ്പ്)	2000	330.00	1966
2	ഭഗവത്ഗീത ശിവാരവിന്ദം	2001	240.00	689
3	മാനവചരിത്രം (വാല്യം 4, ഭാഗം 2, 1-ാം പതിപ്പ്)	2001	315.00	1049
4	കാർഷികവിജ്ഞാനം 2 (1-ാം പതിപ്പ്)	2003	200.00	1415
5	ഭാഷാ ശാസ്ത്രത്തിലെ ചോംസ്കിയൻ വിപ്ലവം (1-ാം പതിപ്പ്)	2003	280.00	944
6	മാനവചരിത്രം വാല്യം 3 (1-ാം പതിപ്പ്)	2003	300.00	451
7	അലങ്കാരശാസ്ത്രം മലയാളത്തിൽ (2-ാം പതിപ്പ്)	2003	200.00	683
8	ഇന്ത്യൻ ഭരണഘടന (9-ാം പതിപ്പ്)	2003	145.00	2236
9	കാവ്യഭാഷയിലെ പ്രശ്നങ്ങൾ (3-ാം പതിപ്പ്)	2004	150.00	255
10	ശ്രീനാരായണ ഗുരുദേവ കൃതികൾ സമ്പൂർണ്ണ വ്യാഖ്യാനം ഒന്നാം ഭാഗം (1-ാം പതിപ്പ്)	2003	200.00	3540
11	ശ്രീനാരായണ ഗുരുദേവകൃതികൾ സമ്പൂർണ്ണ വ്യാഖ്യാനം രണ്ടാം ഭാഗം (1-ാം പതിപ്പ്)	2003	200.00	3469
12	പ്ലംബിംഗ് (ആറാം പതിപ്പ്)	2004	105.00	2150
13	വാസിഷ്ഠസുധ (പരിഷ്കരിച്ച രണ്ടാം പതിപ്പ്)	2005	170.00	420

LIBRARY ARCHIVES Kerala Legislative Assembly

സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്

	പുസ്തകങ്ങൾ	പ്രസിദ്ധീകരിച്ച വർഷം	വില (രൂപ)	വിവരം
1	ഹിസ്റ്ററി ഓഫ് ഫ്രീഡം മൂവ്മെന്റ് ഇൻ കേരള (വോള്യം-2) (പുനഃപ്രസാധനം)	2001	250.00	വില്പന സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.
2	ഗാന്ധിജിയും കേരളവും (പുനഃപ്രസാധനം)	2003	300.00	
3	തിരുവനന്തപുരത്തിന്റെ ഇതിഹാസം (പുനഃപ്രസാധനം)	2003	375.00	
4	ക്ഷീണേന്ത്യൻ സംഗീതം (രണ്ടാം ഭാഗം)	2003	155.00	
5	ബന്ധനം	2004	360.00	

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

	പുസ്തകം	പ്രസിദ്ധീകരിച്ച വർഷം	വില (രൂപ)	വിവരം
1	തെരഞ്ഞെടുത്ത അമ്പത് കഥകൾ	2005	320.00	വിപണനം ആരംഭിച്ചിട്ടേ ഉള്ളൂ

LIBRARY ARCHIVES Kerala Legislative Assembly